മാസങ്ങളിൽ കൂടുതലായി സമർപ്പിക്കപ്പെട്ടതും ആവശ്യമായ ജീവനക്കാരുടെ കുറവും ധനാനുമതി നൽകുന്നതിൽ ഒട്ടേറെ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക അനുവദിക്കൽ

163 (508) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിന് ആരോഗ്യവകുപ്പ് സമർപ്പിച്ച ശിപാർശ പരിഗണിക്കാമോ ?

ഉത്തരം

പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 65,36,658 രൂപയുടെ വാർഷിക സാമ്പത്തിക ബാധ്യത അധികമായി വരുന്നതിനാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഭരണവകുപ്പ് ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.

സാമ്പത്തിക വളർച്ചാനിരക്ക്

164 (509) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) 2012-ന് ശേഷം സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ ശരാശരിക്ക് മുകളിൽ ഉയർന്നതിന്റെ കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(സി) സാമ്പത്തിക വളർച്ചാനിരക്കിൽ വർദ്ധിച്ചുവരുന്ന പൊതുകടം പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly